## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **1862**

16.02.2016 - ലെ മറുപടിക്ക്

### ഭീഷണിപ്പെടുത്തി പണം അടപ്പിക്കുന്നതിനെതിരെ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവരിൽ നിന്നും വായ്പ തുക തിരിച്ചു പിടിയ്ക്കാൻ റിലയൻസ് പോലുള്ള പ്രൈവറ്റ് കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇവർ വായ്പക്കാരെ ഭീഷണിപ്പെടുത്തുന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ പ്രൈവറ്റ് ഏജൻസികൾ മുഖേന, വായ്പ എടുത്തിരിക്കുന്ന സാധാരണക്കാരെ ഭീഷണിപ്പെടുത്തി പണം അടപ്പിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) പൊതുമേഖലാ ബാങ്കായ എസ്.ബി.റ്റി യുടെ വിദ്യാഭ്യാസ വായ്പയുടെ എൻ.പി.എ കുടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ സ്ഥാപനമായ റിലയൻസിനെ ചുമതലപ്പെടുത്തിയ എസ്.ബി.റ്റി യുടെ തീരുമാനം പിൻവലിക്കാൻ എസ്.ബി.റ്റി മാനേജ്മെന്റിന് നിർദ്ദേശം നൽകുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 29.07.2015 ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കുകയും ഈ വിവരം |

അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്രസർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിന് കത്ത് അയയ്ക്കുകയും ചെയ്തു. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ബോർഡിന്റെ അംഗീകാരത്തോടു കൂടി തീരുമാനങ്ങൾ എടുക്കുന്നതിന് പൊതുമേഖലാ ബാങ്കായ എസ്.ബി.റ്റി യ്ക്ക് സ്വയംഭരണാവകാശം ഉണ്ടെന്നും കുടിശ്ശിക പിരിച്ചെടുക്കൽ ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിൽപ്പെട്ട ഒന്നാണെന്നും കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ബാങ്കിനെതിരായി അഴിമതി, പീഡനം എന്നീ വിഷയങ്ങളിലുള്ള ഗുരുതരമായ പരാതികളിലല്ലാതെ സാധാരണ ബിസിനസ്സ് സംബന്ധമായ പ്രവർത്തനങ്ങളിൽ ഇടപെടാറില്ലെന്ന് കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്.

കൂടാതെ ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്റ്റേറ്റ് ലെവൽ ബാങ്കുകളുടെ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് ശ്രമിച്ചു വരുന്നു.

Priya

സെക്ഷൻ ഓഫീസർ